പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർ സെക്കന്ററി
വിഭാഗം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

നം. എഡി.ഡി3/170912/എച്ച്എസ്ഇ

തീയതി : 24/01/2020

# സർക്കുലർ

വിഷയം : പൊ.വി.വ - ഹ.സെ.വി - ജീവനക്കാര്യം - DPC - യോഗ്യരായ എച്ച്.എം -മാർ സി.ആർ സമർപ്പിക്കുന്നത് - സംബന്ധിച്ച്

ഡി.പി.ഐ -യിൽ നിന്നും പ്രസിദ്ധീകരിച്ച 01/06/2017 മുതൽ 01/06/2018 വരെയുള്ള എച്ച്.എം സീനിയോറിറ്റി ലിസ്റ്റിലും അതിന് മുൻപ് പ്രസിദ്ധീകരിച്ച എച്ച്.എം സീനിയോറിറ്റി ലിസ്റ്റിലും ഉൾപ്പെട്ടവരിൽ (ഇതിനോടകം ഹയർ സെക്കന്ററി പ്രിൻസിപ്പൽ നിയമനം ലഭിക്കാത്തവർ) ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ നിയമനത്തിന് സ്പെഷ്യൽ റൂൾസ് പ്രകാരം യോഗ്യത നേടിയ എച്ച്.എം -മാർ 2017, 2018, 2019 കലണ്ടർ വർഷത്തെ സി.ആർ (form appraisal IIB) 30/01/2020-ന് 4PM - നുള്ളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കന്ററി വിഭാഗത്തിൽ സമർപ്പിക്കേണ്ടതാണ്. സി.ആർ -ന് മുകളിൽ വിഷയം, ഡെസിഗ്നേഷൻ, മൊബൈൽ നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതാണ്. സി.ആർ -നോടൊപ്പം സെൽഫ് അപ്രൈസൽ (3 വർഷത്തേക്കും പ്രത്യേകം) ഹാജരാക്കേണ്ടതാണ്. ബന്ധപ്പെട്ട വിഷയത്തിലെ പി.ജി സർട്ടിഫിക്കറ്റ്, പി.ജി -യുടെ മാർക്ക് ലിസ്റ്റ്, ബി.എഡ് സർട്ടിഫിക്കറ്റ്, 12 വർഷത്തെ അദ്ധ്യാപന പരിചയം കാണിക്കുന്ന സർവ്വീസ് സർട്ടിഫിക്കറ്റ് എന്നിവ സി.ആർ -നോടൊപ്പം സമർപ്പിക്കേണ്ടതാണ്. കേരളത്തിന് പുറത്തുനിന്നുള്ള സർവ്വകലാശാലകളിൽ നിന്ന് നേടിയ പി.ജി -യും ബി.എഡ് -ഉം ആണെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല ടി ബിരുദം തത്തുല്യമാണെന്ന് അംഗീകരിച്ച സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തേണ്ടതാണെന്ന് അറിയിക്കുന്നു. സി.ആർ അതാത് ഡി.ഇ.ഒ -മാർ കൗണ്ടർ സൈൻ ചെയ്യേണ്ടതാണ്. സമയ പരിധിക്കുള്ളിൽ സി.ആർ. കൾ സമർപ്പിക്കാൻ വീഴ്ച വരുത്തുന്നവരെ പ്രിൻസിപ്പൽ നിയമനത്തിനായുള്ള ഡി.പി.സി യിൽ പരിഗണിക്കുകയില്ല.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ